## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 92** | **29.09.2016-ലെ മറുപടിക്ക്**

### "ഹോപ്പ് പ്ലാന്റേഷൻ"

**ചോദ്യം**

ശ്രീ.എസ്.രാജേന്ദ്രൻ
ശ്രീ.ഒ.ആർ.കേളു
ശ്രീ.കെ.ബാബു
ശ്രീ.പി.വി.അൻവർ

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാർ 724 ഏക്കർ ഹോപ്പ് പ്ലാന്റേഷൻസ് ഉൾപ്പെടെയുള്ളവർക്ക് പതിച്ചു നൽകാൻ എടുത്ത തീരുമാനം അതേ സർക്കാർ തന്നെ റദ്ദാക്കാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) | മുൻ സർക്കാർ 724 ഏക്കർ ഭൂമി ഹോപ്പ് പ്ലാന്റേഷൻസ് ഉൾപ്പെടെ ഉള്ളവർക്ക് പതിച്ചുനൽകാൻ തീരുമാനം എടുത്തിട്ടില്ല. എന്നാൽ 151 ഏക്കർ മിച്ചഭൂമിയായി ഏറ്റെടുക്കാൻ മുൻ മന്ത്രി സഭാ യോഗ തീരുമാനപ്രകാരം 20.02.2016 സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.എങ്കിലും 6.04.2016 ലെ മന്ത്രിസഭാ യോഗതീരുമാനപ്രകാരം പ്രസ്തുത ഉത്തരവ് റദ്ദാക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ബി) | ഇക്കാര്യത്തിൽ ത്വരിതാന്വേഷണം നടത്തണമെന്ന് വിജിലൻസ് കോടതി ഉത്തരവിട്ടിട്ടുണ്ടോയെന്നും ആ കേസിലെ പ്രതികൾ ആരൊ | (ബി) | ഉണ്ട്. മൂവാറ്റുപുഴ വിജിലൻസ് കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്- II മുഖേന ഒരു ത്വരിതാന്വേഷണം നടന്നു |

| | | | |
|---|---|---|---|
| | ക്കെയാണെന്നും അറിയുമോ; | | വരുന്നു. പ്രതികളെ സംബന്ധിച്ച വിവരം ഈ വകുപ്പിൽ ലഭ്യമല്ല. |
| (സി) | ത്വരിതാന്വേഷണത്തിന്റെ നില വില്ലെ സ്ഥിതി അറിവുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ? | (സി) | ത്വരിത അന്വേഷണം പുരോഗതിയിലാണ്. |
| (ഡി) | ഹോപ്പ് പ്ലാന്റേഷന് ഭൂമി പതിച്ചു നൽകുവാൻ നടന്ന നീക്കത്തെക്കുറിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഇത് സംബന്ധിച്ച ഫയൽ മന്ത്രിസഭാ ഉപസമിതി പരിശോധിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ